04/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 355*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7703**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.അബ്ദുള്ള അബ്ദുൾ ലത്തീഫ്,
നൂർ മഹൽ, നീയർ ഷാദുലി മസ്ജിദ്,
പി.ഒ.മാടായി – 670 304,
കണ്ണൂർ. } പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.04.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.07.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.07.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. അബ്ദുള്ളാ അബ്ദുൾ ലത്തീഫ്, 16.07.2021ന് സമർപ്പിച്ച പരാതി ഹർജി 20.07.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.355(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2) പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3) പരാതി ഹർജിക്കാരൻ 01.04.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, PSG210101039 എന്ന നമ്പറിൽ ബഹു.മുഖ്യമന്ത്രിയുടെ അദാലത്തിൽ ശ്രീമതി ബീപാത്തു പരിപ്പള്ളി (ടിയാന്റെ വലിയുമ്മ) എന്നവർ താഴെ പറയും പ്രകാരം 2 പരാതികൾ സമർപ്പിച്ചിരുന്നുവെന്നും;

പരാതി നം.1. ബീപാത്തു പരിപ്പള്ളി എന്നവരുടെ Transfer Certificate, Certificate Of School Education, School Leaving Certificate എന്നിവ ലഭിക്കുന്നതിനായി (കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം എ6/14665/2020/ആർ.ഡിസ് dtd 19.11.2020 എന്ന വിവരാവകാശ മറുപടി പ്രകാരം ടി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയമ തടസ്സമില്ല എന്ന് മനസ്സിലായിട്ടുണ്ടെന്നും)

പരാതി നം.2. മഹമൂദ് പരിപ്പള്ളി എന്നവരുടെ സ്കൂൾ രജിസ്റ്ററിലെ (ഫോറം.4) ലഭ്യമാക്കണമെന്നും

ഇതിലെ പരാതി നം.2 മുമ്പ് ബഹു.വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ നടപടിയുണ്ടായിട്ടുണ്ടെന്നും

ഇതിലെ പരാതി 1ൽ ഇതുവരെ നടപടി ഒന്നും ഉണ്ടായിട്ടില്ലെന്നും എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ടി പരാതി ക്ലോസ് ചെയ്തതായിട്ടാണ് CMO പോർട്ടലിൽ കാണുന്നതെന്നും ആയതിൽ,

1. PSG210101039 എന്ന നമ്പറിൽ ബഹു.മുഖ്യമന്ത്രിയുടെ അദാലത്തിൽ സമർപ്പിച്ച പരാതി-1മേൽ നാളിതുവരെയായിട്ടും ടി ഓഫീസിൽ നിന്നും എന്തൊക്കെ നടപടികളും അന്വേഷണങ്ങളുമാണ് നടന്നിട്ടുള്ളതെന്നും ടി രേഖകളുടെയും നോട്ടുകളുടെയും റിപ്പോർട്ടുകളുടെയും പകർപ്പ് നൽകണമെന്നും
2. PSG210101039 എന്ന നമ്പറിൽ ബഹു.മുഖ്യമന്ത്രിയുടെ അദാലത്തിൽ സമർപ്പിച്ച പരാതി ക്ലോസ് ചെയ്യുന്നതിനായി എന്തു തീർപ്പാണ് ടി ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുള്ളതെന്നും ടി രേഖകളുടെയും നോട്ടുകളുടെയും റിപ്പോർട്ടുകളുടെയും പകർപ്പു നൽകണമെന്നും
3. മേൽപ്പടി പരാതി ക്ലോസ് ചെയ്ത ഉദ്യോഗസ്ഥന്റെ ഔദ്യോഗിക പദവിയും പേരും സേവന പുസ്തകത്തിന്റെ പകർപ്പും നൽകണമെന്നും
4. ബഹു.മുഖ്യമന്ത്രിയുടെ അദാലത്തിൽ സമർപ്പിച്ച പരാതി ക്ലോസ് ചെയ്യുന്നതിന് മുമ്പ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും

5. മേൽപ്പടി പരാതി ക്ലോസ് ചെയ്യുന്നതിനായി ടി ഓഫീസിനെ അധികാരപ്പെടുത്തിയ രേഖയുടെ പകർപ്പ് നൽകണമെന്നും

6. 1950 ജനുവരി 26നു മുമ്പ് ഇന്ത്യയിൽ ജനിച്ചവരുടെ പൗരത്വം തെളിയിക്കാൻ നിഷ്ക്കർഷിച്ച വകുപ്പ്, ചട്ടം, സർക്കാർ രേഖയിലെ ഖണ്ഡിക അല്ലെങ്കിൽ സെക്ഷൻ/വകുപ്പ് പ്രകാരമാണെന്നുമുള്ള വിവരങ്ങൾ നൽകണമെന്നാണ്.

4) എതിർകക്ഷി 20.09.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ഇ-മെയിൽ വഴിയാണ് വിവരാവകാശ നിയമപ്രകാരം ടി കാര്യാലയത്തിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും 01.04.2021, 10.05.2021 എന്നീ തീയതികളിലായിട്ടാണ് ടിയാൻ ഇ-മെയിൽ മുഖാന്തിരം അപേക്ഷ സമർപ്പിച്ചതെന്നാണ് ടിയാൻ സൂചിപ്പിച്ചിട്ടുള്ളതെന്നും അപേക്ഷ സമർപ്പിച്ച കാലയളവിൽ കോവിഡ് മാനദണ്ഡ പ്രകാരം പരിമിതമായി മാത്രമാണ് ഓഫീസ് പ്രവർത്തിച്ചിരുന്നതെന്നുമാണ്. കൂടാതെ ഓഫീസ് ഇ-മെയിൽ വിലാസത്തിൽ ധാരാളമായി ഇ-മെയിലുകൾ വന്നിരുന്നതാണെന്നും എല്ലാ ഇ-മെയിലുകളും സമയബന്ധിതമായി തുറന്ന് പരിശോധിക്കുന്നതിന് പ്രസ്തുത കാലയളവിൽ സാധിച്ചിരുന്നില്ലെന്നും ടിയാന്റെ ഇ-മെയിലിൽ ലഭിച്ച അപേക്ഷയിലെ പല ഭാഗങ്ങളും ഫോണ്ട് വ്യക്തമല്ലാത്തതിനൽ മറുപടി തയ്യാറാക്കാൻ സാധിക്കാത്ത വിധമാണെന്നുമാണ്.

ബഹു.കേരള മുഖ്യമന്ത്രിയുടെ പരാതി പരിഹാര അദാലത്തിൽ സമർപ്പിക്കപ്പെട്ട പരാതിയുടെ തുടർ നടപടികൾ സംബന്ധിച്ചാണ് ടിയാൻ വിവരങ്ങൾ ആവശ്യപ്പെട്ട പരാതി (1):(1) ബീപാത്തു പാരിപ്പള്ളി എന്നിവരുടെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് ഓഫ് സ്കൂൾ എഡ്യുക്കേഷൻ, സ്കൂൾ ലീവിങ്ങ് സർട്ടിഫിക്കറ്റ് എന്നിവ നൽകണമെന്നാണ് ടിയാന്റെ ആവശ്യമെന്നും ഇക്കാര്യത്തിൽ ടിയാൻ ഉന്നയിക്കുന്ന പൊതുതാല്പര്യം എന്താണെന്ന് വ്യക്തമല്ലെന്നും കൂടാതെ ആയത് ഒരു മൂന്നാം കക്ഷി വിവരമാണെന്നുമാണ്. ഹർജിക്കാരൻ തന്റെ വലിയുമ്മയാണ് കക്ഷിയെന്ന് അവകാശപ്പെടുന്നുവെന്നും ആയത് കേവലം അവകാശവാദമാണെന്നുമാണ്. ഹർജിക്കാരൻ പ്രസ്തുത വിവരങ്ങൾ ഇ-മെയിൽ വഴി ആവശ്യമാണെന്നാണ് ഉന്നയിച്ചിരിക്കുന്നതെന്നും മറുപടി ലഭിക്കുന്നതിനായി ടിയാൻ ഒന്നിലധികം ഇ-മെയിൽ വിലാസങ്ങൾ നൽകിയിട്ടുണ്ടെന്നും കണ്ണൂർ ജില്ലയിലെ ഹൈസ്കൂൾ തലംവരെയുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വ്യത്യസ്തങ്ങളായ ഔദ്യോഗിക കൃത്യനിർവ്വഹണം സമയബന്ധിതമായി നിർവ്വഹിക്കേണ്ട ജില്ലാതല ആഫീസിലേയ്ക്കാണ് ഇത്തരത്തിൽ വിവരാവകാശ അപേക്ഷകൾ നിയമത്തിന്റെ അന്ത:സത്തയെപ്പോലും ചോദ്യം ചെയ്യുന്ന വിധത്തിൽ ഉന്നയിക്കുന്നതെന്നും മൂന്നാം കക്ഷി വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ സാംഗത്യം എന്തെന്ന് വ്യക്തമാക്കാൻ ടിയാന് സാധിച്ചിട്ടില്ലെന്നുമാണ്. ടി ഓഫീസിലെ ജീവനക്കാരുടെ ജോലിയെ

തടസ്സപ്പെടുത്തുംവിധത്തിലും അവരുടെ കർമ്മശേഷിയെ കാര്യമായി ബാധിക്കുന്ന വിധത്തിലുമുള്ള ഇത്തരം വിവരാവകാശ അപേക്ഷകൾ ജീവനക്കാർക്ക് കടുത്ത മാനസ്സിക സമ്മർദ്ദത്തിന് കാരണമാകുന്നുണ്ടെന്നും ഇതേ വിഷയം ഉന്നയിച്ചുകൊണ്ട് ടിയാൻ എന്ന് അവകാശപ്പെട്ടുകൊണ്ട് ഒരാൾ ഓഫീസ് ഫോണിൽ നിരന്തരമായി വിളിച്ച് സെക്ഷനിലെ ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്യുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടെന്നും ഇലക്ട്രോണിക് രൂപത്തിലല്ലാതെ സൂക്ഷിച്ചിട്ടുള്ള രേഖകൾ ഇലക്ട്രോണിക് രൂപത്തിലേയ്ക്ക് രൂപമാറ്റം വരുത്തി നൽകണമെന്ന ആവശ്യവും ആയത് ഒന്നിലധികം ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകണമെന്ന ആവശ്യവും സംശയാസ്പദമാണെന്ന് കരുതുന്നുവെന്നും ഹർജിക്കാരൻ പരാതിയിൽ ഉന്നയിച്ച വിവരം മൂന്നാം കക്ഷി വിവരമാണെന്നിരിക്കെ ആയത് നൽകേണ്ടതുണ്ടോയെന്ന് കമ്മീഷൻ നിർദ്ദേശിക്കണമെന്നും ഇലക്ട്രോണിക് രൂപത്തിലല്ലാതെ സൂക്ഷിച്ചു പോരുന്ന വിവരങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ രൂപമാറ്റം വരുത്തി ഒന്നിലധികം ഇ-മെയിൽ വിലാസത്തിൽ നൽകേണ്ടതുണ്ടോയെന്നും നിർദ്ദേശിക്കുന്നതിന് താഴ്മയായി അപേക്ഷിക്കുന്നുവെന്നും ഒരുദിവസം തന്നെ അഞ്ചിലേറെ വിവരാവകാശ അപേക്ഷ ടി ആഫീസിൽ നൽകുന്നതും ഇടയ്ക്കിടെ അപേക്ഷ നൽകുന്നതുമായ വ്യക്തിയാണ് ഹർജിക്കാരനെന്നുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

5) 27.10.2021 തീയതി കമ്മീഷൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനുവേണ്ടി ശ്രീ.ബാസിത്തും എതിർകക്ഷിയും ഹാജരായിരുന്നു.

6) പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നും തുടർന്ന് 07.05.2021ന് ഓഫീസുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ അപേക്ഷ ഒന്നും ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചതെന്നും തുടർന്ന് അന്നേദിവസം തന്നെ പ്രസ്തുത അപേക്ഷ വീണ്ടും ഇ-മെയിൽ വഴി സമർപ്പിച്ചുവെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷാ കാലയളവിൽ കോവിഡ് മാനദണ്ഡപ്രകാരം പരിമിതമായി മാത്രമാണ് ആഫീസ് പ്രവർത്തിച്ചിരുന്നതെന്നും എല്ലാ ഇ-മെയിലുകളും സമയബന്ധിതമായി പരിശോധിക്കുന്നതിന് ടി കാലയളവിൽ സാധിച്ചിരുന്നില്ലെന്നും കൂടാതെ ഇ-മെയിലിൽ ലഭിച്ച ടിയാന്റെ അപേക്ഷയിലെ പലഭാഗങ്ങളും ഫോണ്ട് വ്യക്തമല്ലാത്തതിനാൽ മറുപടി തയ്യാറാക്കാൻ സാധിക്കാത്ത വിധമായിരുന്നുവെന്നുമുള്ള എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് കമ്മീഷൻ അംഗീകരിക്കുന്നു. മാത്രമല്ല ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നാം കക്ഷി വിവരമായതിനാൽ ആയത് നൽകാൻ നിർവ്വാഹമില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

7) ഇപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION THIRUVANANTHAPURAM